# പതിനാലാം കേരള നിയമസഭ

## ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.59

13-01-2021 ൽ മറുപടിക്ക്

### സി ആന്റ് എ.ജി. റിപ്പോർട്ട് കിഫ്ബിക്ക് നൽകിയ നടപടി

| ചോദ്യം<br>ശ്രീ . എ . പി. അനിൽ കുമാർ<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. കെ. സി . ജോസഫ്<br>ശ്രീ. അൻവർ സാദത്ത് | മറുപടി<br>ഡോ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ മന്ത്രി) |
|---|---|
| (എ) സി ആന്റ് എ.ജിയുടെ 2018-19 ലെ സംസ്ഥാന സർക്കാരിനെ സംബന്ധിക്കുന്ന ഫൈനാൻസ് അക്കൗണ്ട്സ് റിപ്പോർട്ടിലെ കിഫ്ബിയെ സംബന്ധിക്കുന്ന ഭാഗത്തിന്റെ കോപ്പിയെടുത്ത് ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി കിഫ്ബി സി.ഇ.ഒ.ക്ക് നൽകിയിട്ടുണ്ടോ; | സിഎജിയുടെ 2018-19 ലെ സംസ്ഥാന സർക്കാരിനെ സംബന്ധിക്കുന്ന ഫൈനാൻസ് അക്കൗണ്ട്സ് റിപ്പോർട്ടിലെ കിഫ്ബിയെ സംബന്ധിക്കുന്ന ഭാഗത്തിന്റെ കോപ്പി ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി കിഫ്ബി സി.ഇ.ഒ.ക്ക് നൽകിയിട്ടില്ല. |
| (ബി) നിയമസഭയിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിന് മുമ്പ് രഹസ്യമായി സൂക്ഷിക്കേണ്ട റിപ്പോർട്ട് ഇത്തരത്തിൽ പകർപ്പെടുത്ത് മറ്റൊരു ഏജൻസിക്ക് നൽകിയ നടപടി നിലവിലുള്ള ചട്ടങ്ങൾക്കും ഒഫിഷ്യൽ സീക്രട്ട് ആക്ടിന്റെയും ലംഘനമല്ലേ എന്ന് വെളിപ്പെടുത്താമോ; | |
| (സി)) ഇത് സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തിയിട്ടുണ്ടോ; അഡീഷണൽ ചീഫ് സെക്രട്ടറിയിൽ നിന്നും ഇത് സംബന്ധിച്ച് എന്തെങ്കിലും വിശദീകരണം ആരാഞ്ഞിട്ടുണ്ടോ; എങ്കിൽ അദ്ദേഹം നൽകിയ വിശദീകരണം വ്യക്തമാക്കുമോ? | |

ജോയിന്റ് സെക്രട്ടറി